# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്ത് - 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(11) പ്രകാരം തടസ്സപ്പെടുത്തിയ 2,71,107/- (രണ്ട് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി ഒരുന്നൂറ്റി ഏഴ് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം.1195/2019/തസ്വഭവ. തിരുവനന്തപുരം, തീയതി. 11.06.2019

പരാമർശം:- 1) പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.02.2016 ലെ എ 2/ 1234/13 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 27.06.2016 ലെ എം3/15620/16 നമ്പർ കത്ത്.

3) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 28.02.2018, 28.03.2018 തീയതികളിലെ കെ.എസ്.എ.- 7857/പി.റ്റി.2/2016 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 3(11) നമ്പർ ഖണ്ഡിക പ്രകാരം 2,71,107/- (രണ്ട് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി ഒരുന്നൂറ്റി ഏഴ് രൂപ മാത്രം) രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിരുന്നു. എസ്.ആർ.ജി.വൈ. പ്രവൃത്തികൾക്ക് ഭക്ഷ്യധാന്യം അധികനാൾ നൽകിയതിനാലാണ് ടി തുക തടസ്സപ്പെടുത്തിയത്. തുടർന്ന് പ്രസ്തുത തടസ്സപ്പെടുത്തൽ സാധൂകരിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് ഭരണസമിതിയുടെ അനുകൂല തീരുമാനം, ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതി യോഗത്തിന്റെ അനുകൂല ശിപാർശ എന്നിവ സഹിതം വണ്ടാഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) മുഖേന അപേക്ഷ പഞ്ചായത്ത് ഡയറക്ടർക്ക് നൽകുകയുണ്ടായി. ഉചിത മാർഗ്ഗേന ലഭിച്ച സാധൂകരണ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ അനുകൂല ശിപാർശയോടെ പരാമർശം (2) മുഖേന സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൻമേൽ സർക്കാർ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം ആരായുകയും പരാമർശം (3) പ്രകാരം ആയത് സർക്കാരിൽ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിൽ, പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിലെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(11) പ്രകാരം തടസ്സപ്പെടുത്തിയ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ച തുകയുടെ പരിധിയ്ക്കുള്ളിൽ തന്നെയാണ് തുക ചെലവഴിച്ചതെന്നും ടി ഇനത്തിൽ പഞ്ചായത്തിനോ സർക്കാരിനോ നഷ്ടം സംഭവിച്ചിട്ടില്ലെന്നുമുള്ള 16.07.2015 ലെ വണ്ടാഴി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 13(6) നമ്പർ തീരുമാനം, 19.03.2016 ലെ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 26-ാം നമ്പർ തീരുമാനം എന്നിവ പരിഗണിച്ചും പരാമർശത്തിന് സാധൂകരണം നൽകുന്ന

കാര്യത്തിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്നും ടി വിഷയത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വ്യക്തമായി പരിശോധിച്ചു. ആയതിൻ പ്രകാരം വണ്ടാഴി ഗ്രാമപഞ്ചായത്തിലെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(11) പ്രകാരം തടസ്സപ്പെടുത്തിയ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ച തുകയുടെ പരിധിക്കുള്ളിൽ തന്നെയാണ് തുക ചെലവഴിച്ചതെന്നും പ്രസ്തുത ഇനത്തിൽ പഞ്ചായത്തിനോ, സർക്കാരിനോ നഷ്ടം സംഭവിച്ചിട്ടില്ലെന്നുമുള്ള 16.07.2015 ലെ വണ്ടാഴി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 13(6) നമ്പർ തീരുമാനം, 19.03.2016 ലെ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ സാധൂകരണത്തെ അനുകൂലിക്കുന്ന 26-ാം നമ്പർ തീരുമാനം എന്നീ വസ്തുതകൾ പരിഗണിച്ച്, പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിലെ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(11) പ്രകാരം തടസ്സപ്പെടുത്തിയ 2,71,107/- രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, വണ്ടാഴി ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**